LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക് മീറ്ററുകളുടെ ഗുണനിലവാര പരിശോധന

180 [1760] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കഴിഞ്ഞ വർഷം വാങ്ങിയ ഇലക്ട്രോണിക് മീറ്ററുകളിൽ ഏതെല്ലാം കമ്പനികളുടെ മീറ്ററിന് ഐ.എസ്.ഐ. ഗുണനിലവാര മുദ്രയുണ്ട്;

(ബി) ഇലക്ട്രോണിക് മീറ്ററുകളിൽ അമിതമായി റീഡിംഗ് രേഖപ്പെടുത്തുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം മീറ്ററുകൾ വാങ്ങുന്നതിലെ സുതാര്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ കഴിഞ്ഞ വർഷം വാങ്ങിയ എല്ലാ ഇലക്ട്രോണിക് മീറ്ററുകളിലും ഐ.എസ്.ഐ. ഗുണനിലവാര മുദ്രയുണ്ട്. കമ്പനികളുടെ പേരുവിവരം താഴെ പറയുന്നു:

1. യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം.
2. എലിമർ ഇലക്ട്രിക്സ് (പ്രൈ) ലിമിറ്റഡ്, ഡൽഹി.
3. എലിമർ ഇന്റർനാഷണൽ (പ്രൈ) ലിമിറ്റഡ്, ഡൽഹി.
4. ആവോൺ മീറ്റേഴ്സ് (പ്രൈ) ലിമിറ്റഡ്, ദേരാബസ്സി.
5. ഓർമ്നി അഗേറ്റ് സിസ്റ്റംസ് (പ്രൈ) ലിമിറ്റഡ്, ചെന്നൈ.
6. കാപ്പിറ്റൽ പവ്വർ സിസ്റ്റംസ്, നോയിഡ, യു.പി.

(ബി) ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(സി) വളരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ഗുണനിലവാരം ഉറപ്പു വരുത്തിയാണ് വൈദ്യുതി ബോർഡ് ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുന്നത്.

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തിക

181 [1761] ശ്രീ. കെ. എൻ. എ. ഖാദർ:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ സി. മോയിൻകുട്ടി:

„ സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) ഈ തസ്തികയിലേക്ക് നിയമിക്കുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാം;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിൽ വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ലൈൻമാൻ I, ലൈൻമാൻ II, വർക്കർ കാറ്റഗറിയിൽപ്പെട്ട എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(എഫ്) അവരിൽ എത്ര പേർ ആവശ്യമായ യോഗ്യത ഉള്ളവരാണ്;

(ജി) ഈ തസ്തികയിലേക്ക് നിയമനത്തിന് ബഹു: ഹൈക്കോടതിയുടെ എന്തെങ്കിലും വിലക്ക് നിലനിൽക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-3-2004-ൽ നിലവിൽ വന്നു.

(സി) 32 ഒഴിവുകൾ.

(ഡി) (1) 8-ാം ക്ലാസ് പാസ്സായിരിക്കണം.

(2) ITI ഇലക്ട്രീഷ്യനോ അല്ലെങ്കിൽ തത്തുല്ല്യ യോഗ്യതയോ നേടിയിരിക്കണം.

(ഇ) പ്രസ്തുത തസ്തികയിൽ വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലായി ലൈൻമാൻ I/II, വർക്കർ കാറ്റഗറിയിൽപ്പെട്ട 230 പേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) അവരിൽ 130 പേർ ആവശ്യമായ യോഗ്യത ഉള്ളവരാണ്.

(ജി) വിലക്ക് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) പ്രസക്തമല്ല.

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലെ ഒഴിവുകൾ

182 [1762] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly